LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ച വിജിലൻസ് കേസ്സുകൾ

159 (1901) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഏതൊക്കെ നമ്പറുകളിലുള്ള ഏതൊക്കെ സ്വഭാവമുള്ള വിജിലൻസ് കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പിൻവലിച്ച 4 വിജിലൻസ് കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

റോഡപകടങ്ങൾ

160 (1902) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡപകട നിവാരണം ലക്ഷ്യമിട്ട് പോലീസ്,പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

റോഡപകട നിവാരണം ലക്ഷ്യമിട്ട് പോലീസ്, പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം, മറ്റ് വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിലെ റോഡ് സുരക്ഷയ്ക്കായി റോഡ് സേഫ്റ്റി അതോറിറ്റിക് രൂപം കൊടുത്തിട്ടുണ്ട്. ടി വകുപ്പുകളും റോഡ് സേഫ്റ്റി അതോറിറ്റിയും സംയുക്തമായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ടി വകുപ്പുകൾ ഏകോപിപ്പിച്ച് 'ശുഭയാത്ര 2015' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഐ.ജി. ടി.ജെ. ജോസിനെതിരെയുള്ള അന്വേഷണം

161 (1903) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായ ടി. ജെ. ജോസിനെതിരെ എന്തെങ്കിലും അന്വേഷണം വകുപ്പുതലത്തിൽ നടത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.